അർഹതയുണ്ട്. എന്നാൽ ചെയർമാനും മെമ്പർക്കും ലഭിക്കുന്ന അടിസ്ഥാന പെൻഷൻ തുക ശമ്പളത്തിൽനിന്നും കുറവു ചെയ്യുന്നു. പ്രതിമാസം 32,130 രൂപ ചെയർമാനും 32,743 രൂപ മെമ്പർക്കും ശമ്പളവും അലവൻസുമായി നൽകുന്നു.

(സി) നിയമ വിധേയമല്ല.

(ഡി) വാസ്തവമല്ല.

കെ.എസ്.ഇ.ബി.-യെ ലാഭകരമാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ

11 [3148] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ഇ. ബി.-യെ ലാഭകരമാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) താപവൈദ്യുത നിലയങ്ങളിൽനിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രതിമാസം ഉപയോഗിക്കുന്നത്; ഇതിന് പ്രതിമാസം എന്തു തുക ചെലവാകും;

(സി) വൈദ്യുതി പ്രസരണ നഷ്ടംമൂലം ബോർഡിന് പ്രതിമാസം ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) താഴെ പറയും പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. ഭരണ പൊതുചെലവുകൾ 15% കുറയ്ക്കാൻ തീരുമാനിച്ചു.
2. എൻ.ടി.പി.സി. കായംകുളത്തെ ഒരു റീജിയണൽ പവർ സ്റ്റേഷൻ ആക്കിയതുമൂലം ആ സ്ഥാപനത്തിന് കൊടുക്കുവാനുള്ള ഫിക്സഡ് ചാർജ് തുകയിൽ പ്രതിമാസം ഏകദേശം 10.50 കോടി രൂപയുടെ കുറവുണ്ടായി.
3. കായംകുളം താപ വൈദ്യുത നിലയത്തിലേക്ക് ആവശ്യമായ നാഫ്തയുടെ വിൽപ്പന നികുതി 1-11-2002 മുതൽ കേരള സർക്കാർ ഒഴിവാക്കിയതുമൂലം അവിടെനിന്നും ലഭിക്കുന്ന വൈദ്യുതിയുടെ വിലയിൽ യൂണിറ്റിന് ഏകദേശം '11' പൈസയോളം കുറവുണ്ടായി.
4. കായംകുളം താപ വൈദ്യുത നിലയത്തിലേക്കാവശ്യമായ നാഫ്തയുടെ എക്സൈസ് ഡ്യൂട്ടി ഒഴിവാക്കിയതുമൂലം ടി നിലയത്തിൽനിന്നും വാങ്ങുന്ന വൈദ്യുതി വിലയിൽ പ്രതിമാസം ഏകദേശം 8 കോടി രൂപയുടെ കുറവുണ്ടായി.
5. പവർ ഫിനാൻസ് കോർപ്പറേഷനിൽനിന്നും കൂടിയ പലിശ നിരക്കിൽ എടുത്തിരുന്ന കടം പുനഃക്രമീകരിച്ചതു മുഖാന്തിരം (സ്വാപ്പിംഗ്) പലിശ ഇനത്തിൽ പ്രതിവർഷം ഏകദേശം ഒരു കോടി രൂപയുടെ കുറവുണ്ടായി.
6. കോഴിക്കോട് താപ വൈദ്യുത നിലയ നിർമ്മാണവുമായി ബന്ധപ്പെട്ട് ബാങ്കുകളിൽനിന്നും എടുത്തിരുന്ന 125 കോടി രൂപയുടെ വായ്പ പുനഃക്രമീകരിക്കുക വഴി പലിശ ഇനത്തിൽ പ്രതിവർഷം ഏകദേശം 1.1 കോടി രൂപയുടെ കുറവുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

7. റൂറൽ ഇലക്ട്രിഫിക്കേഷൻ, എൽ. ഐ. സി. എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾ പുനഃക്രമീകരിച്ച് കുറഞ്ഞ പലിശ നിരക്കിലേക്ക് മാറ്റുവാനുള്ള ശ്രമം തുടർന്നു വരുന്നു.

8. 427 ഇദ്യോഗസ്ഥൻമാരുണ്ടായിരുന്ന അൻപത്തി മൂന്ന് ബില്ലിംഗ് സൂപ്പർ വിഷൻ യൂണിറ്റുകൾ നിർത്തലാക്കി. പകരം 190 പേരുള്ള പത്തൊൻമ്പത് റീജിയണൽ ആഡിറ്റ് ഓഫീസുകൾ ആരംഭിച്ചു.

9. അവധി ദിവസ വേതനം, ലീവ് സറണ്ടർ എന്നിവ നിർത്തൽ ചെയ്തു.

10. ചീഫ് എൻജിനീയർമാരുടെ തസ്തിക പത്തൊൻപത് എണ്ണത്തിൽ നിന്ന് പന്ത്രണ്ടായി കുറച്ചു.

11. ഒരു ചീഫ് എൻജിനീയറുടെ കീഴിലുണ്ടായിരുന്ന എസ്. എസ്. ആൻഡ് റ്റി. എൻ. സി. വിഭാഗം നിർത്തൽ ചെയ്യുകയും ആ ചുമതലകൾ രണ്ടു ട്രാൻസ്മിഷൻ ചീഫ് എൻജിനീയർമാർക്ക് വീതിച്ചു കൊടുക്കുകയും ചെയ്തു.

12. 500-ൽ അധികം സെക്ഷനുകളിൽ രണ്ടും അധിലധികവും സീനിയർ സൂപ്രണ്ടുമാർ ഉണ്ടായിരുന്നത് ഒന്നാക്കി കുറച്ചു.

13. മസ്ദൂർ, സഹതാപ നിയമനങ്ങൾ എന്നിവയും, പ്രത്യേക പദ്ധതി പ്രകാരം ഉള്ള നിയമനങ്ങളും ഒഴികെ പുതുതായി നിയമനങ്ങൾ ഇപ്പോൾ നടത്തുന്നില്ല.

14. സാധന സാമഗ്രികൾ വാങ്ങുന്നതിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തുക വഴി അത് മുഖാന്തിരമുള്ള ചെലവുകൾ കുറഞ്ഞു.

15. പെട്രോൾ വാഹനങ്ങളുടെ വിൽപ്പനയും വാടക വാഹനങ്ങളുടെ ഉപയോഗവും നടപ്പിലാക്കി.

16. ടെലിഫോൺ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തി.

17. ബോർഡിന്റെ ചെലവിൽ മണി ഓർഡറായി നൽകി വന്ന പെൻഷൻ വിതരണം നിറുത്തൽ ചെയ്തതു വഴി മണി ഓർഡർ ചാർജ് ഇനത്തിൽ പ്രതിമാസം 6.50 ലക്ഷം രൂപ ചെലവു കുറയ്ക്കുവാൻ കഴിഞ്ഞു.

18. ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ, വാണിജ്യ സമുച്ചയങ്ങൾ ഉൾപ്പെടെയുള്ള പുതിയ നിർമ്മാണങ്ങൾ നിർത്തൽ ചെയ്തു.

19. മുൻകൂർ അഡ്വാൻസ് കോൺട്രാക്ടർമാർക്ക് നൽകുന്നത് നിർത്തലാക്കി.

20. പരസ്യ ചെലവുകൾ കുറച്ചു.

(സി) 2002-03 വർഷത്തിൽ പ്രതിമാസം 52.06 ദശലക്ഷം യൂണിറ്റ് വൈദ്യുതി ബോർഡിന്റെ താപനിലയങ്ങളിൽ ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുകയും, അതിന് 25.04 കോടി രൂപ ചെലവാകുകയും ചെയ്തു.

(ഡി) വൈദ്യുതി പ്രസരണ നഷ്ടം മൂലം ബോർഡിന് പ്രതിമാസം ഉദ്ദേശം 64 മില്ല്യൻ യൂണിറ്റ് വൈദ്യുതി നഷ്ടപ്പെടുന്നതായി കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly